2025
JUNE
JULY

# പുതിയശബ്ദം

ഗവ:ഹയർ സെക്കണ്ടറി സ്കൂൾ, പുതിയകാവ്, വടക്കേക്കര പി ഒ, എൻ. പറവൂർ

Email.ghs26puthiyakavu@gmail.com Educational District : Aluva Sub District : N. Paravur School Code : 25059 Volume : 1

## ലഹരി വിരുദ്ധ കാമ്പയിന് തുടക്കം





പുതിയകാവ് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ വെള്ളിയാഴ്ച (18-07-25) നടന്ന ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഉദ്ഘാടനം ബഹു. ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് നിർവഹിച്ചു. മൊബൈൽ അഡിക്ഷൻ തുടങ്ങി ലഹരിക്ക് അടിമപ്പെടുന്നത് വരെയുള്ള സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത ഉമേഷ് സർ കുട്ടികൾക്കും മുതിർന്നവർക്കും പകർന്ന് നൽകുകയുണ്ടായി. ജീവിതം ലഹരിയാകണമെന്നും വായനയും സ്പോർട്സും കുട്ടികൾ ജീവിതത്തോടു ചേർക്കണമെന്നും അദ്ദേഹം കുട്ടികളെ ഉണർത്തി.



നോർത്ത് പറവൂർ എക്സൈസ് റെയിഞ്ച് ഓഫീസർ ശ്രീ സലാഹുദ്ദീൻ സി കെ കുട്ടികൾക്ക് നല്കിയ ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ്.



### ലഹരിവിരുദ്ധദിനം

25/06/2025 ബുധനാഴ്ച ആലംതുരുത്ത് ഈശ്വരവിലാസം ലൈബ്രറി & റീഡിങ് റൂമിന്റെ ആഭിമുഖ്യത്തിൽ ജി. എച്ച്.എസ്. എസ് പുതിയകാവിൽ ഹൈസ്കൂൾ കുട്ടികൾക്കായി ലഹരി വിരുദ്ധ ക്ലാസ് സംഘടിപ്പിച്ചു. വടക്കേക്കര സർവീസ് സഹകരണ ബാങ്ക് പ്രസിഡൻറ് ശ്രീ. ഇ. പി തമ്പിയുടെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ **എക്സൈസ് പ്രിവെൻറീവ് ഓഫീസർ ശ്രീ രതീഷ് ടി എ** കുട്ടികൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നയിച്ചു.

## കുട്ടികൾക്ക് കൗതുകമായി "കിറ്റി"

പ്രശസ്ത മജീഷ്യൻ വിനോദ് നരനാട്ട് രസകരമായി ലഹരിക്കെതിരെയുള്ള ബോധവൽക്കരണം കിറ്റി ഷോയിലൂടെ അവതരിപ്പിച്ചു. കുഞ്ഞു മനസ്സുകളിലേക്ക് ഇറങ്ങി ചെന്ന് ലഹരിക്കെതിരെ ബോധവത്ക്കരിക്കാൻ ശ്രീ വിനോദിന് കഴിഞ്ഞു. ശ്രീ വിനോദ് നരനാട്ട് വളരെ മനോഹരമായും ക്രിയാത്മകവുമായാണ് കുട്ടികളോട് ലഹരിക്കെതിരെ സംസാരിച്ചത്.





World Population Day യുമായി ബന്ധപ്പെട്ട് കുട്ടികൾ നടത്തിയ കുട്ടികളുടെ Data collection ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ശ്രീ എൻ എസ് കെ ഉമേഷ് പ്രകാശനം ചെയ്യുന്നു



ബഹുമാനപ്പെട്ട ജില്ലാ കളക്ടർ എൻ സി സി കേഡറ്റ്സിൽ നിന്നും സല്യൂട്ട് സ്വീകരിക്കുന്നു

## വായന ദിനം



ജി.എച്ച്.എസ്.എസ്. പുതിയകാവിൽ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ കീഴിൽ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം നടന്നു. പ്രധാന അധ്യാപിക ഷീല കെ ജോസഫ് സ്വാഗതം ആശംസിച്ചു. ചവിട്ടുനാടക കലാകാരനും അധ്യാപകനുമായ ആൻസൺ കുറുമ്പത്തുരുത്ത് മുഖ്യ പ്രഭാഷണം നടത്തി. സീനിയർ അസിസ്റ്റന്റ് ഇന്ദു ടീച്ചർ ആശംസയും കൺവീനർ രാജലക്ഷ്മി ടീച്ചർ നന്ദിയും അർപ്പിച്ചു സംസാരിച്ചു. വായന ദിനത്തോടനുബ ന്ധിച്ച് പോസ്റ്റർ രചന, വായനാക്കുറിപ്പ്, ക്വിസ് എന്നീ മത്സരങ്ങളും പുസ്തക പ്രദർശനവും നടത്തി.





<- വായനാ ദിനത്തോടനു ബന്ധിച്ചു നടന്ന പുസ്തകപ്രദർശനം

## യോഗ ദിനം ആചരിച്ചു



ജൂൺ 21ന് രാവിലെ 7 മണിക്ക് പുതിയകാവ് ഗവൺമെൻറ് സ്കൂളിൽ എൻസിസി കേഡറ്റുകളെ ഉൾപ്പെടുത്തി അന്തർദേശീയ യോഗദിനം ആചരിച്ചു. യോഗ ഇൻസ്ട്രക്ടർ ശ്രീ അജയകുമാർ വാവക്കാട് , ക്ലാസിന് നേതൃത്വം നൽകി എൻസിസി ഓഫീസർ അനിൽ കെ അരവിന്ദ് പിടിഎ പ്രസിഡൻറ് ശ്രീ കെ ജി ശ്രീകുമാർ എന്നിവർ സന്നിഹിതരായിരുന്നു.

## ചാന്ദ്രദിനം



ചാന്ദ്രദിനം പ്രത്യേക അസംബ്ലി



കുട്ടികൾ നിർമിച്ച റോക്കറ്റ്

2025 ജൂലായ് 21 ചാന്ദ്ര ദിനത്തോടനുബന്ധിച്ചു പ്രത്യേക അസംബ്ലി നടത്തി. ഹെഡ്മിസ്ട്രസ്സ് K. J. ഷീല ടീച്ചർ ചാന്ദ്ര ദിന സന്ദേശം നൽകി. 7B യിലെ Angel ആദ്യ ചാന്ദ്ര യാത്രയെപ്പറ്റിയുള്ള വിവരണം നൽകി. കുട്ടികൾ പോസ്റ്റർ, കോളാഷ്, റോക്കറ്റ് മോഡൽ എന്നിവ ഉണ്ടാക്കുകയും അസംബ്ലിയിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ചാന്ദ്രദിന ക്വിസ് മത്സരം നടത്തി. ചാന്ദ്രയാത്രയുടെ വീഡിയോ പ്രദർശിപ്പിച്ചു.

## ബഷീർദിനം



മതിലുകൾ- ദൃഷ്യാവിഷ്കാരം

**7/7/2025 തിങ്കളാഴ്ച ജി.എച്ച്. എസ്.എസ്. പുതിയകാവ് സ്കൂളിൽ, 'ബഷീർ അനുസ്മരണ' പ്രത്യേക അസംബ്ലി സംഘടിപ്പിച്ചു. ഹെഡ്മിസ്ട്രസ് ഷീല. കെ. ജോസഫ് അധ്യക്ഷ വഹിച്ച ചടങ്ങിൽ, ബഷീർ കഥാപാത്രങ്ങളുടെ അവതരണം, ബഷീർ അനുസ്മരണക്കുറുപ്പ്, ബഷീർ കൃതികൾ കഥാപാത്ര ങ്ങൾ, ബഷീർ പുസ്തകം പരിചയ പെടുത്തൽ, 'മതിലുകൾ' എന്ന നോവലിന്റെ ദൃശ്യവിഷ്കാരം, ക്വിസ്സ്, പോസ്റ്റർ രചന തുടങ്ങിയ വിവിധ പരിപാടികൾ ഉൾപ്പെടുത്തി. ശ്രേയ ലക്ഷ്മി ബഷീർ അനുസ്മരണ കുറിപ്പ് അവതരിപ്പിച്ചു. ജസ്ന ബഷീറിന്‌റെ പ്രേമലേഖനം എന്ന പുസ്തകം പരിചയപ്പെടുത്തി. റിഗ്വേദ് ബഷീറിന്‌റെ പ്രധാന കൃതികളും കഥാപാത്രങ്ങളും പരിചയപ്പെടുത്തി. അനശ്വര.പി. ആർ 9B, അനഘ ശ്രീ 9B എന്നീ കുട്ടികൾ അവതരിപ്പിച്ച മതിലുകൾ ദൃശ്യാവിഷ്കാരം ബഷീറിനെയും നാരായണിയെയും അവിസ്മരണീയമാക്കി.**





പോസ്റ്റർരചന

**ആനന്ദ് ഭൂപതി (9A) തയ്യാറാക്കിയ ബഷീർ അനുസ്മരണ പോസ്റ്റർ വളരെ ഗംഭീരം ആയിരുന്നു. പാത്തുമ്മയും മജീദുമായി എത്തിയ ഒന്നാം ക്ലാസിലെ ഷസാന നൗറിനും രണ്ടാം ക്ലാസിലെ നിഹാൻ ടി എൻ എന്നിവർ വേദിയെ മനോഹരമാക്കി.**

## സാഹിത്യ ക്വിസ്




വായനപക്ഷാചരണ ത്തോടനുബന്ധിച്ച പറവൂർ ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വടക്കേക്കര പഞ്ചായത്ത് നടത്തിയ സാഹിത്യ കിസ് മത്സരത്തിൽ HS വിഭാഗത്തിൽ രണ്ടാം സ്ഥാനം പുതിയകാവിന്. മത്സരത്തിൽ പങ്കെടുത്ത ടീം അംഗങ്ങൾ. Maheswar P A , Parvan DevMB,AvanthikaM B

## ചാന്ദ്രദിന ക്വിസ് വിജയികൾ



**LP**

1st അമേയ സുജിത്ത് (Std4)
2nd ആദിത് എൻ എസ് (Std 3)
3rd റയാൻ ഷിബിൻ (Std4 )



**HS**

1st അനഹ സി എസ് (10 B)
2nd ഋതുൽകൃഷ്ണ സി എസ് (8 B)
3rd ആദിത്യ ടി എ (10 B)



**UP**

1st മാധവ് സുധീഷ് (6 B)
2nd അനവ് കൃഷ്ണ (6 B)
3rd ശ്രീലക്ഷ്മി (5B)

## സയൻസ് ക്വിസ്



കേരള സംസ്ഥാന യുവ ജന ക്ഷേമബോർഡ് സംഘടിപ്പിച്ച സയൻസ് ക്വിസ് മത്സരത്തിലെ സ്കൂൾ തല വിജയികൾ

1st: Rithulkrishna C A .8B
2nd: Paarvandev M B. 8A
3rd: Abhishek N S. 8A

(ഹൈസ്കൂൾ വിഭാഗം)

## Stay tuned @ 9.45am

വായന വായനയാവുന്നത് ഭാവാത്മകമായി വായിക്കുമ്പോഴാണ് . Stay tuned with **ജി എച്ച് എസ്എസ് പുതിയകാവ് @ 9.45am** ലൂടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും ഹൃദ്യമായ വായനാരീതി പരിശീലിപ്പിക്കുന്നതിനും ആയി നമ്മുടെ സ്കൂളിൽ തുടങ്ങി വെച്ച പരിപാടിയാണ് ടോട്ടോച്ചാൻ വായന. കുസൃതി കുരുന്നായ ടോട്ടോ ച്ചാന്റെ കഥ സ്കൂളിലെ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളും ശ്രദ്ധാപൂർവ്വംകേൾക്കുകയും എഴുതിയിടുന്ന ഒരു ചോദ്യത്തി ന്റെ ഉത്തരം ഇന്റർവെൽ സമയങ്ങളിൽ എഴുതി ബോക്സിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. അതിൽ നിന്ന് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്ന ഒരു കുട്ടിക്ക് പിറ്റേദിവസം സമ്മാനം നൽകുന്നുണ്ട്.

## കാർഷികം



പരിസ്ഥിതിദിനത്തോ ടനുബന്ധിച്ച് ചിറ്റാറ്റ കര കൃഷി ഭവനിൽ നിന്നും ഫലവൃക്ഷ തൈകളും ചെടികളും കൃഷി ഓഫീസറിൽ നിന്നും പുതിയകാവിന്റെ കാർഷിക ക്ലബ് കൺവീനർ ശ്രീ ബൈജു വി എസ് ഏറ്റുവാങ്ങുന്നു











വെണ്ട: വിളവെടുപ്പ്

രണ്ടാം ക്ലാസിലെ റിഗ്വേദ് രാജേഷിന്റെ രക്ഷിതാവ് സ്കൂൾ പച്ചക്കറിത്തോട്ടത്തിലേക്ക് മുളക്, വഴുതന, തക്കാളി, പയർ , വെണ്ട എന്നീ തൈകളും വളവും നൽകിയപ്പോൾ.

ഗവൺമെന്റ് ഹൈസ്കൂൾ പുതിയകാവ് പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ഓണത്തിന് ഒരു കുടപ്പൂവ് ഒരു മുറം പച്ചക്കറി തുടങ്ങിയ വിവിധ കാർഷിക പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. ചിറ്റാറ്റുകര പഞ്ചായത്ത് അധികൃതരുമായി സംസാരിച്ച തൊഴിലുറപ്പ തൊഴിലാഴികളുടെ സഹകരണത്തോടു കൂടി നിലം ഒരുക്കുകയും അവിടെ കൃഷി ചെയ്യാൻ ആവശ്യമായ സാമഗ്രികൾ കൃഷിഭവനിൽ നിന്നും കൃഷി ഓഫീസർ നൽകുകയും ഉണ്ടായി. വളം, ഗ്രോ ബാഗുകൾ, വിത്തുകൾ എന്നിവ സംഭാവന ചെയ്തുകൊണ്ട് രക്ഷകർത്താക്കളും നമ്മോടൊപ്പമുണ്ട്. വടക്കേക്കര സർവീസ് സഹകരണ ബാങ്ക് കൃഷിയിൽ പുതിയകാവുമായി സഹകരിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ്



**25 ജൂൺ 2025 ന് LK Aptitude Test നടന്നു. 30 കുട്ടികൾ attend ചെയ്ത പരീക്ഷയിൽ നിന്നും LK നിയമാവലികൾ അനുസരിച്ച് 20 കുട്ടികൾ LK അംഗങ്ങളായി.**

## National Cadet Corps



ഈ അക്കാദ മിക വർഷം എൻ സി സി യിൽ 47 കുട്ടികളാണ് പുതുതായി എൻറോൾ ചെയ്തത്

## JUNIOR RED CROSS



JRC Students വാങ്ങിയ, സ്കൂളിലേക്ക് ആവശ്യമായ First-aid materiels പ്രധാന അധ്യാപികയ്ക്ക് കൈ മാറുന്നു

## പഠന പ്രക്രിയയിലൂടെ . . .



3, 4 ക്ലാസുകളിലെ പരിസര പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രകൃതി നടത്തം. മൂന്നാം ക്ലാസിൽ ഹരിത ഭൂമി എന്ന പാഠഭാഗത്തെ സസ്യങ്ങളെ നിരീക്ഷിക്കുന്ന പ്രവർത്തനവും നാലാം ക്ലാസിൽ ജീവികളും ചുറ്റുപാടും എന്ന പാഠഭാഗത്ത് ജീവികളുടെ അനുകൂലനങ്ങളും ആവാസവ്യവസ്ഥയും പരിചയപ്പെടുന്നതിനും സഹായകമായി



ജലസ്രോതസ് നിരീക്ഷണവും പക്ഷി നിരീക്ഷണവും 1, 2 ക്ലാസ്സിലെ കുട്ടികൾ



ഏഴാം ക്ലാസിലെ ബേസിക് സയൻസ് ഒന്നാം യൂണിറ്റിലെ പഠന പ്രവർത്തനമായ ലയറിങ് എങ്ങനെ നടത്തി പുതിയ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കാൻ സാധിക്കുന്നു എന്നുള്ള നേരനുഭവം, അനിൽസർ കുട്ടികൾക്കായി ഒരുക്കിയപ്പോൾ.

8B ലെ കുട്ടികൾ, potassium permanganate ചൂടാക്കുമ്പോൾ വിഘടിച്ചു ഓക്സിജൻ പുറത്തു വരികയും എരിയുന്ന ചന്ദനത്തിരി ആളിക്കത്തുകയും ചെയ്യുന്ന പ്രവർത്തനം ചെയ്യുന്നു -->





10 A യിലെ കുട്ടികൾ ഹൈഡ്രോ കാർബണുകളുടെ മോഡൽ ഉണ്ടാക്കുന്നു.

ഹൈഡ്രോ കാർബണുകളുടെ മോഡൽ
|
V






അഞ്ചാം ക്ലാസിലെ ബേസിക് സയൻസ് പാഠപുസ്തകത്തിലെ ഫുഡ് വെബ് നിർമ്മാണം കുട്ടികൾ Pin up display ബോർഡിൽ ചിത്രങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചപ്പോൾ.



പത്താം ക്ലാസ്സിലെ അരങ്ങും പൊരുളും എന്ന മലയാളം പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികളുമായി കൂത്തമ്പലം സന്ദർശിച്ചപ്പോൾ

Puthiyashabdam:
Prepared by L K Unit
GHSS Puthiyakavu